LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ.

166 (8226) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തലശ്ശേരി മണ്ഡലത്തിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ഐ. ടി. ഐ. എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

കണ്ണൂർ വ്യാവസായിക പരിശീലന റീജിയണൽ ജോയിന്റ് ഡയറക്ടർ തസ്തികയിലെ ഒഴിവ് നികത്തൽ

167 (8227) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കണ്ണൂർ വ്യാവസായിക പരിശീലന റീജിയണൽ ഡയറക്ടറേറ്റിൽ ജോയിന്റ് ഡയറക്ടറുടെ ഒഴിവ് നിലവിലുണ്ടോ ; എങ്കിൽ ആയത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ഓഫീസിൽ ജോയിന്റ് ഡയറക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമല്ലാത്തതിനാൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്നുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒഴിവ് നിലവിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.